**ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ-695 035.

ഫോൺ : 0471 2302490 ഫാക്സ്: 0471 2303025/ 2303080

ഇ-മെയിൽ:dhskerala hlth@kerala.gov.in വെബ് സൈറ്റ്:www.dhs.kerala.gov.in

---

നം. ഇ.എച്ച് 1 - 4937/2026/ആ.വ.ഡ തീയതി:28-03-2026

<u>സർക്കുലർ</u>

വിഷയം : ആരോഗ്യ വകുപ്പ് - നിയമസഭ തിരഞ്ഞെടുപ്പ് 2026 - എല്ലാ വിതരണ സ്വീകരണ കേന്ദ്രങ്ങളിലും, വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പു കേന്ദ്രങ്ങളിലും ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നത് -സംബന്ധിച്ച് .

പരാമർശം : G.O.(Rt)No.1167/2026/H&FWD Dated 19-03- 2026

മേൽ പരാമർശം സർക്കാർ ഉത്തരവ് പ്രകാരം 2026-ലെ നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പോളിംഗ് സ്റ്റേഷനുകൾ, വിതരണ കേന്ദ്രങ്ങൾ, കളക്ഷൻ സെന്ററുകൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയിലുടനീളം സേവനമനുഷ്ഠിക്കുന്ന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെയും കൂടാതെ വോട്ടർ മാരുടേയും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പിൽ സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, നിയോജകമണ്ഡലാടിസ്ഥാനത്തിലും കോഡിനേഷൻ കമ്മറ്റികൾ

രൂപീകരിക്കുകയും ആരോഗ്യ സേവനങ്ങൾ ആവശ്യമായ എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എല്ലാ ജില്ലാ കോഡിനേഷൻ കമ്മിറ്റികളും അതാതു ജില്ലകളിൽ താഴെപ്പറയുന്ന ഉറപ്പുവരുത്തണ്ടതാണ് .

1. ജില്ലാ തലത്തിൽ രൂപീകരിച്ചിരിക്കുന്ന കോഡിനേഷൻ കമ്മിറ്റികൾ ഓരോ ബ്ലോക്ക് കമ്മിറ്റികളിലും ഉൾപ്പെടുന്ന പോളിംഗ് സ്റ്റേഷനുകൾ, വിതരണ/സ്വീകരണ കേന്ദ്രങ്ങൾ, വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ , അടിയന്തിര ആരോഗ്യ സാഹചര്യങ്ങൾ ഉണ്ടായാൽ തരണം ചെയ്യുന്നതിനുള്ള മുൻകരുതലുകൾ, അടിയന്തിര മരുന്നുകളുടെ ലഭ്യത, റഫറൽ പ്ലാനുകൾ എന്നിവ മുൻകൂട്ടി തയ്യാറാക്കുക.

2 . എല്ലാ വിതരണ/സ്വീകരണ കേന്ദ്രങ്ങളിലും, വോട്ടെണ്ണൽ കേന്ദ്രങ്ങളിലും ഉദ്യോഗസ്ഥർ വിശ്രമമില്ലാതെ ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ ഉദ്യോഗസ്ഥർക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായാൽ ഉടൻ തന്നെ പ്രാഥമിക ചികിത്സ നൽകുന്നതിന് ഒരു ഡോക്ടർ ഉൾപ്പെടുന്ന മെഡിക്കൽ ടീമിനെ എല്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3. ആരോഗ്യ കോർഡിനേഷൻ ടീമുകൾ ഓരോ തലത്തിലും സജ്ജീകരിച്ചിരിക്കുന്ന (പ്രാഥമിക, കമ്മ്യൂണിറ്റി, താലൂക്ക്, ജില്ലാ/ ജനറൽ ആശുപതികൾ) സ്ഥാപനങ്ങളിൽ ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ, ആവശ്യത്തിന് സ്ട്രെച്ചറുകളും വീൽചെയറുകളും ഉറപ്പാക്കുക.

4. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കൃത്യസമയത്ത് അടിയന്തര പ്രതികരണം ഉറപ്പാക്കുന്നതിന് ജില്ലാ ആരോഗ്യ കോർഡിനേഷൻ ടീം 108 ആംബുലൻസ് സംവിധാനവുമായി സംയോജിപ്പിച്ച് കൃത്യമായ ആംബുലൻസ് വിന്യാസ പദ്ധതി തയ്യാറാക്കി ദ്രുതഗതിയിലുള്ള വൈദ്യസഹായം ഉറപ്പാക്കുക.

5 . ജില്ലാ ആരോഗ്യ കോർഡിനേഷൻ കമ്മിറ്റികൾ ട്രൈബൽ ഡെവലപ്മെന്റ്, ഫിഷറീസ് ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട് ട്രൈബൽ, തീരദേശ, ദുർഘട പ്രദേശങ്ങൾ എന്നിവ ഉൾപ്പെടെ തിരിച്ചറിഞ്ഞ ദുർബല മേഖലകളിൽ വോട്ടെടുപ്പ് ദിവസം ആവശ്യമനുസരിച്ച് മൊബൈൽ മെഡിക്കൽ

ടീമുകളെ നിയോഗിക്കുക.

**6.** തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ചുമതലപ്പെടുത്തിയിട്ടുയുള്ള നോഡൽ ഓഫീസറുമായി ബന്ധപ്പെട്ട് ആരോഗ്യ സേവനങ്ങൾ ഏകീകരിക്കുക.

**7** . വേനൽ കാലമായതിനാൽ സൂര്യാഘാതം പോലുള്ള അവസ്ഥകളെ പ്രതിരോധിക്കുന്നതിനുള്ള ആരോഗ്യ ബോധവൽക്കരണം ജില്ലാ വരണാധികാരികളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുക.

**8** . മേൽ പരാമർശം സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

Digitally signed by
Reena K J
Date: 28-03-2026
14:49:00

ഡോ . റീന കെ. ജെ

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്.സൈറ്റ്